# കേരള സർക്കാർ

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൌസിംഗ് ബോർഡ് ബിൽഡിംഗ് (അഞ്ചാം നില) ശാന്തിനഗർ

തിരുവനന്തപുരം-695001

എ 3/196/2022/സിഇഇ **08/03/2022**

## സർക്കുലർ

**സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് 2018-19 അധ്യയന വർഷം പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിന് അനുവാദം നൽകുന്നത് സംബന്ധിച്ച്**

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2018-19 ബാച്ച് വിദ്യാർഥികൾ ടിയാന്മാർക്ക് നാലാം വർഷത്തെ ബിപിഎൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ലാത്തതിനാൽ യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിന് കോളേജ് അധികൃതർ അനുവാദം നൽകുന്നില്ലെന്ന് അറിയിച്ചിരിക്കുന്നു. 2018-19 ബാച്ചിലെ അർഹരായ വിദ്യാർഥികൾക്ക് മൂന്ന് വർഷത്തെ ബിപിഎൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. മൂന്നാം വർഷത്തെ പരീക്ഷയിൽ വിജയിക്കുന്ന വിദ്യാർഥികൾക്കാണ് നാലാം വർഷത്തെ സ്കോളർഷിപ്പ് തുക അനുവദിക്കുന്നത്. മേൽ സാഹചര്യത്തിൽ മൂന്നാം വർഷ പരീക്ഷാ ഫലം കേരള ആരോഗ്യ സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് അർഹരായ വിദ്യാർഥികൾക്ക് ബിപിഎൽ സ്കോളർഷിപ്പിന്റെ നാലാം ഗഡു അനുവദിക്കുന്നതാണെന്നും ബിപിഎൽ സ്കോളർഷിപ്പ് സംബന്ധിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സ്കോളർഷിപ്പിന് അർഹരായ വിദ്യാർഥികളിൽ നിന്നും 10% ട്യൂഷൻ ഫീ വാങ്ങിയ ശേഷം ടി വിദ്യാർഥികളെ യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിന് അനുവാദം നൽകണമെന്നും എല്ലാ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകുന്നു.

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.03.08 09:10:03 IST
Reason: Approved

പ്രവേശന പരീക്ഷാ കമ്മീഷണർ

പകർപ്പ്-

എല്ലാ സ്വകാര്യ സ്വാശ്രയ മെഡിക്കൽ
കോളേജ് പ്രിൻസിപ്പൽമാർക്കും